# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:3450 18.02.2013-ൽ മറുപടിയ്ക്ക്

## സർക്കാർ വകുപ്പുകളുടെ അച്ചടി ജോലികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി. ഗീതാ ഗോപി** | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ഉടമസ്ഥതയിൽ പ്രിന്റിംഗ് പ്രസ്സുകൾ പ്രവർത്തിപ്പിക്കുന്നതുകൊണ്ട് എന്താണ് ലക്ഷ്യമിടുന്നത്; | (എ) സർക്കാർ വകുപ്പുകളുടെ ആവശ്യത്തിനുള്ള എല്ലാ അച്ചടി ജോലികൾ നിർവ്വഹിക്കുന്നതിനും, രഹസ്യ സ്വഭാവമുള്ള ബഡ്ജറ്റ് രേഖകളുടെ അച്ചടി, ഇലക്ഷൻ ബാലറ്റുകൾ, കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ ചോദ്യപേപ്പറുകളുടെയും സംസ്ഥാനതലത്തിലെ വിവിധ പരീക്ഷകൾക്കുള്ള ചോദ്യപേപ്പറുകളുടെയും അച്ചടി, എന്നിവയ്ക്ക് പുറമെ കീഴ് കോടതികൾക്കും ഹൈക്കോടതിക്കും ആവശ്യമായ ഫാറങ്ങൾ, കേരള ഗസറ്റ്, സർക്കാർ കലണ്ടർ, ഡയറി, സർക്കാർ പ്രസിദ്ധീകരണങ്ങൾ എന്നിവ അച്ചടിച്ച് വിതരണം നടത്തുക എന്ന ലക്ഷ്യത്തോടുകൂടിയാണ് സർക്കാർ പ്രസ്സുകൾ പ്രവർത്തിക്കുന്നത്. |
| (ബി) സർക്കാരിന്റെ എല്ലാ വകുപ്പുകളിലും ആവശ്യമായ അച്ചടി ജോലികൾ ഗവൺമെന്റ് പ്രസ്സുകളിലാണോ നിർവ്വഹിച്ചു വരുന്നത്; ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ; | (ബി) ഇല്ല. ചില വകുപ്പുകളിലെ അച്ചടികൾ, കേരള ബുക്ക്സ് & പബ്ളിക്കേഷൻ സൊസൈറ്റി, C-Apt എന്നിവിടങ്ങളിലും സർക്കാർ അനുമതിയ്ക്ക് വിധേയമായി പബ്ളിക് റിലേഷൻസ് വകുപ്പിന്റെ വർക്കുകൾ സ്വകാര്യ പ്രസ്സുകളിലും അച്ചടിക്കാറുണ്ട്. |
| (സി) ഏതെല്ലാം സർക്കാർ വകുപ്പുകളാണ് സ്വന്തമായി പ്രസ്സുകൾ ആരംഭിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (സി) ആരോഗ്യം / വിദ്യാഭ്യാസം / നിയമസഭ / തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെ കീഴിൽ പ്രസ്സുകൾ നിലവിലുണ്ട്. |
| (ഡി) സ്വന്തമായി പ്രസ്സുകളില്ലാത്ത എല്ലാ വകുപ്പുകളുടേയും അച്ചടി ജോലികൾ സർക്കാർ പ്രസ്സുകളിൽ നിർവ്വഹിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) പരിശോധിക്കുന്നതാണ്. |

Girija Kumari
സെക്ഷൻ ഓഫീസർ